**കേരള കാർഷിക സർവ്വകലാശാല**
മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ - 680656

അക്കാഡ് സി1/40022/2018 തിയ്യതി: 12.06.2018

# വിജ്ഞാപനം

## കാർഷിക മേഖലയിൽ കഴിവു തെളിയിച്ച് സംസ്ഥാന തലത്തിൽ കർഷക അവാർഡ് നേടിയ വിദ്യാർത്ഥികൾക്ക് കാർഷിക സർവ്വകലാശാലയിൽ പ്രവേശനം

കാർഷിക മേഖലയിൽ തല്പരരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളെയും യുവാക്കളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയും സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടത്തുന്ന ബി.എസ്.സി. (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച, സംസ്ഥാന തലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ, കർഷക പ്രതിഭയായ ഒരു വിദ്യാർത്ഥിയ്ക്ക്, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 2018-19 അദ്ധ്യയന വർഷത്തേക്ക് പ്രവേശനം നൽകുന്നു.

1. ഈ അപേക്ഷാർത്ഥി സംസ്ഥാന തലത്തിൽ സംസ്ഥാന സർക്കാരിന്റെ അവാർഡ് ജേതാവും ഈ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച ആളുമായിരിക്കണം.

2. ബി. എസ്. സി. (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് വേണ്ട അടിസ്ഥാന യോഗ്യതയായ +2/ഹയർസെക്കൻഡറി/തത്തുല്യ പരീക്ഷ പാസാവുകയും ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളിൽ 50% മാർക്ക് നേടുകയും ചെയ്തവരായിരിക്കണം.

3. കേരള എൻട്രൻസ് പരീക്ഷാ കമ്മീഷണർ 2018-19 ലെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷാർത്ഥിയായിരിക്കണം.

4. അപേക്ഷാർത്ഥി കേരളത്തിൽ ജനിച്ചുവളർന്ന ആളായിരിക്കണം.

മേൽ വിവരിച്ച യോഗ്യതകൾ ഉള്ളവർക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്ത അപേക്ഷാഫോം ഡൌൺലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് ഇനത്തിൽ കേരള കാർഷിക സർവ്വകലാശാലാ കംപ്ട്രോളറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വെള്ളാനിക്കര കെ. എ. യു. ബ്രാഞ്ചിൽ മാറിയെടുക്കാവുന്ന 500/- രൂപയുടെ (അഞ്ഞൂറ് രൂപ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ ജനനത്തീയതി, യോഗ്യതകൾ , എൻട്രൻസ് പരീക്ഷാ റാങ്ക് , നേറ്റിവിറ്റി, സംസ്ഥാന കർഷക അവാർഡ് ബഹുമതി മുതലായവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപൂർണ്ണവും തെറ്റായതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി 07.07.2018.

**ഒപ്പ്**
**രജിസ്ട്രാർ**

S.M